മലയാള മനോരമ
ESTABLISHED 1888

**29 May 2019**

# രക്തസമ്മർദത്തിന് മരുന്നുമായി സിഎംഎഫ്ആർഐ

കൊച്ചി • ഉയർന്ന രക്തസമ്മർദം തടയാൻ കടൽപായലിൽ നിന്നു പ്രകൃതിദത്ത ഉൽപന്നവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഇന്ത്യൻ കടലുകളിൽ കണ്ടുവരുന്ന കടൽപായലുകളിലെ ബയോ ആക്ടീവ് സംയുക്തങ്ങൾ ഉപയോഗിച്ചാണ് കടൽമീൻ ആന്റി ഹൈപ്പർ ടെൻസീവ് എക്സ്ട്രാക്റ്റ് ഉൽപന്നം സിഎംഎഫ്ആർഐ വികസിപ്പിച്ചത്.

400 മില്ലിഗ്രാം അളവിലുള്ള ക്യാപ്സ്യൂളുകൾ പൂർണമായും പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമിച്ചിരിക്കുന്നത്. പാർശ്വഫലങ്ങളില്ലെന്നു സിഎംഎഫ്ആർഐ സീനിയർ സയന്റിസ്റ്റ് ഡോ. കാജൽ ചക്രബർത്തി പറഞ്ഞു.




ഉയർന്ന രക്തസമ്മർദം ചെറുക്കാൻ സിഎംഎഫ്ആർഐ വികസിപ്പിച്ച കടൽമീൻ ആന്റി ഹൈപ്പർടെൻസീവ് എക്സ്ട്രാക്റ്റ്.

സസ്യജന്യ ക്യാപ്സ്യൂളുകളാണ് ആവരണമായി ഉപയോഗിച്ചിട്ടുള്ളത്. കേന്ദ്ര കാർഷിക ഗവേഷണ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയും ദേശീയ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡയറക്ടർ ജനറലുമായ ഡോ. ത്രിലോചൻ മൊഹാപത്ര ഉൽപന്നം പുറത്തിറക്കി. ഐസിഎആർ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ. ജെ.കെ. ജെന അധ്യക്ഷത വഹിച്ചു.

വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്നതിന് സ്വകാര്യ സംരംഭകർക്ക് സിഎംഎഫ്ആർഐയെ സമീപിക്കാമെന്ന് ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു.